പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :683 05.06. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യുടെ കടബാദ്ധ്യത

ചോദ്യം

ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിൽ കെ.എസ്.ഇ.ബി യുടെ കടബാദ്ധ്യത എത്ര കോടി രൂപയാണ്; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 30.04.2018-വരെ ബാങ്കുകളിൽ നിന്നും, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 'ഓവർഡ്രാഫ്റ്റ്' ഇനത്തിലെ 106.13 കോടി രൂപയും, ഹ്രസ്വകാല വായ്പയായ 2,450/-കോടി രൂപയും, ദീർഘകാല വായ്പയായ 5013.35 കോടി രൂപയും ഉൾപ്പെടെ നിലവിൽ 7569.48 കോടി രൂപയുടെ കടബാദ്ധ്യതയാണുള്ളത്. |
| (ബി) കടബാദ്ധ്യത കുറച്ചു കൊണ്ട് വരുന്നതിന് കെ.എസ്.ഇ.ബി . സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ? | (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സ്വീകരിച്ചിട്ടുള്ള ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളാക്കി മാറ്റുന്നുണ്ട്.<br>(2) ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജന (DDUGJY) പദ്ധതിക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതു വരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതുമൂലം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കപ്പെടുന്നതാണ്.<br>(3) കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT&C Loss-ഉം Revenue Gap- ഉം കുറയ്ക്കാൻ കഴിയുന്നതാണ്.<br>(4) മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവു വരുത്താൻ ശ്രമിക്കുന്നുണ്ട്.<br>(5) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ